**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 466** **12-08-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഉല്പാദന രീതികളുടെ നവീകരണവും ഉല്പന്ന വൈവിധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | "ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി" പദ്ധതി നടപ്പിലാക്കിക്കൊണ്ട് ഉല്പാദന രീതി നവീകരിക്കുന്നതിനും തറികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, നെയ്ത്തിന്റെ ഗുണമേന്മ കൂട്ടുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. "ടെക്നോളജി അപ്ഗ്രഡേഷൻ" ഉൾപ്പെട്ടിട്ടുള്ള "ആധുനികവത്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും" പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.50 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | വിദഗ്ധ നെയ്ത്തുകാരെക്കൊണ്ട് ആധുനിക ഡിസൈനിൽ തുണി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി കൈത്തറി സുരക്ഷ എന്ന പദ്ധതി ഹാൻടെക്സ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കൈത്തറി സുരക്ഷ പദ്ധതി 2019-20 ൽ ആരംഭിച്ചു. വിദഗ്ധ നെയ്ത്തുകാരെ കൊണ്ട് നാളിതുവരെ ഹാന്റക്സിൽ പ്രീമിയം ഉൽപ്പന്നങ്ങൾ എന്ന ശ്രേണിയിൽ ബാലരാമപുരം- റോയൽ മുണ്ടുകൾ, കുത്താംപുള്ളി-കളർ സാരികൾ, കൊല്ലം-ഒറ്റമുണ്ട്, കൈലി, കണ്ണൂർ - ഷർട്ടിംഗ് എന്നിവ ഉൽപാദനം ആരംഭിച്ചു. കോവിഡ് മഹാമാരി, പ്രളയം എന്നീ പ്രതിസന്ധി കാലഘട്ടത്തിലും ഇതിൽ 2,80,12,651/- രൂപയുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. "കൈത്തറി സുരക്ഷാ പദ്ധതി" പ്രകാരം ഒരു കോടി രൂപ അസംസ്കൃത വസ്തുക്കളും മറ്റും വാങ്ങുന്നതിനായി നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ GeM പോർട്ടൽ, eshilpamart തുടങ്ങിയ ഇ-കൊമേഴ്സ് പോർട്ടൽ പോലുള്ളവയിൽ രജിസ്ട്രേഷൻ നടത്തി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആമസോൺ ഓൺ ലൈൻ മാർക്കറ്റിംഗ് |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെ 2016 മുതൽ ഹാൻ്റക്സ് വിപണനം നടത്തി വരുന്നു. |
| (ഡി) | കൈത്തറി മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ആരംഭിച്ചിട്ടില്ല. |
| (ഇ) | കൈത്തറി സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 300 സംഘങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ച് വരുന്നു. പ്രസ്തുത സംഘങ്ങളിൽ നിന്നായി 5600 നെയ്ത്തുകാരും 1513 അനുബന്ധ തൊഴിലാളികളും സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത് വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി, പൂട്ടി കിടന്നിരുന്ന 15 സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ